012862 **കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കോടാങ്കി നായ്ക്കൻ സമുദായത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (കൈ) നം.06/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 07.03.2019.

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 20.12.2018 തീയതിയിലെ കത്ത്.

## ഉത്തരവ്

കോടാങ്കി നായ്ക്കൻ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് ടി സമുദായത്തെ (തെക്കൻ കേരളത്തിലെ എറണാകുളം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉൾപ്പെട്ടവർ) കേരള സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഇനം നമ്പർ 50(A) ആയി ഇനം നമ്പർ 50 നായ്ക്കൻ -ന് ശേഷവും ഇനം നമ്പർ 51 – ഓടൻസ് -ന് മുമ്പുമായി ഉൾപ്പെടുത്താവുന്നതാണെന്ന് പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് കോടാങ്കി നായ്ക്കൻ സമുദായത്തെ (തെക്കൻ കേരളത്തിലെ എറണാകുളം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉൾപ്പെട്ടവർ) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I-ലെ ഷെഡ്യൂളിൽ ലിസ്റ്റ് III മറ്റ് പിന്നാക്ക വിഭാഗത്തിൽ ഇനം 50(A) ആയി, ഇനം നമ്പർ 50 നായ്ക്കൻ-ന് ശേഷവും ഇനം നമ്പർ 51-ഓടൻസ്-ന് മുമ്പുമായി ഉൾപ്പെടുത്തി സംവരണാനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

(.....2)

Scanned by CamScanner